II ഇ.ബി. XIII- കേരള നിയമസഭ/V-9

**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2012 ജൂൺ 21, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

25 (*241) വിദ്യാഭ്യാസ അവകാശ നിയമം

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്) നൽകിയ മറുപടിയിൽ, കേരളത്തിൽ വിദ്യാഭ്യാസ അവകാശ നിയമം ഘട്ടംഘട്ടമായി നടപ്പാക്കുന്നതിന്റെ ഭാഗമായി 2011-ലെ കേരള വിദ്യാഭ്യാസ അവകാശ ചട്ടങ്ങൾ രൂപീകരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. NCTE –യുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായി അദ്ധ്യാപക നിയമനങ്ങൾക്ക് TET യോഗ്യത നേടിയ ഉദ്യോഗാർത്ഥികളെ പരിഗണിക്കണമെന്ന് പി.എസ്.സി.യോട് ആവശ്യപ്പെടുകയും പ്രസ്തുത പരീക്ഷ നടത്തിപ്പിനായി SCERT-നെ ചുമതലപ്പെടുത്തി ഉത്തരവിറക്കുകയും അദ്ധ്യാപകർക്കായി മൂന്ന് ഘട്ടങ്ങളിലായി 50 ദിവസത്തെ പരിശീലന പരിപാടി നടത്തുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഒന്നാം ക്ലാസ് പ്രവേശനത്തിനുള്ള പ്രായപരിധി 6 വയസ്സാക്കിക്കൊണ്ട് 09-01-12-ൽ ഉത്തരവായെങ്കിലും

സംസ്ഥാനത്തെ കേന്ദ്രീയ വിദ്യാലയം ഉൾപ്പെടെയുള്ള കേന്ദ്ര സ്കൂളുകളിൽ 5 വയസ്സ്തന്നെ നിലനിൽക്കുന്നതിനാൽ സംസ്ഥാനത്തെ സ്കൂളുകളിലും അത് നിലനിർത്തിക്കൊണ്ട് 12-04-2012-ൽ ഉത്തരവിറക്കിയിട്ടുണ്ട്. 1 മുതൽ 8 വരെയുള്ള ക്ലാസ്സുകൾ പ്രാഥമിക വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കികൊണ്ടുള്ള ഘടനാമാറ്റം സംബന്ധിച്ച് അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നും ഇത് നടപ്പിലാക്കിയാൽ എൽ.പി./യു.പി. സ്കൂളുകളിൽ 17986 മുറികൾ പുതുതായി നിർമ്മിക്കേണ്ടിവരുമെന്നും ഇവയുടെ നിർമ്മാണത്തിന് ഏകദേശം 1000 കോടിയിലധികം രൂപയുടെ സാമ്പത്തിക ബാദ്ധ്യതയുണ്ടാകുന്നതോടൊപ്പം ആറായിരത്തോളം ക്ലാസ്സ് മുറികൾ ഹൈസ്കൂളുകളിൽ ഒഴിഞ്ഞ് കിടക്കുന്ന സ്ഥിതിയുമുണ്ടാകുമെന്നും മന്ത്രി വ്യക്തമാക്കി. വലിയ സാമ്പത്തിക ബാദ്ധ്യത ഏറ്റെടുക്കാതെയും നിലവിലുള്ള അദ്ധ്യാപകരുടെ പുനർവിന്യാസം ഒഴിവാക്കിയും ഇന്ന് സംസ്ഥാനത്ത് നിലനിൽക്കുന്ന സാഹചര്യവും കണക്കിലെടുത്തുള്ള ഘടനാമാറ്റമാണ് സർക്കാർ ഉദ്ദേശിക്കുന്നത്. യു.ഐ.ഡി. പ്രകാരമുള്ള കുട്ടികളുടെ കണക്കെടുപ്പ് പൂർത്തിയായാലുടനെ എൽ.പി./യു.പി. വിഭാഗങ്ങളിൽ യഥാക്രമം 1:30, 1:35 എന്ന പുതിയ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം പ്രയോഗത്തിൽ വരുത്തുന്നതാണ്. കേന്ദ്ര നിയമം അനുസരിച്ച് യഥാക്രമം 150, 100 കുട്ടികൾ വീതമുള്ള സർക്കാർ എൽ.പി/യു.പി. സ്കൂളുകളിലെ പ്രഥമാദ്ധ്യാപകരെ ക്ലാസ് ചാർജിൽ നിന്നും ഒഴിവാക്കിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. ദുർബല വിഭാഗത്തിൽപ്പെട്ട കുട്ടികളെ നിർണ്ണയിക്കുന്നതിനുള്ള വാർഷിക വരുമാന പരിധി 60,000/- രൂപയായി നിശ്ചയിച്ചുകൊണ്ടും സ്പെസിഫൈഡ് കാറ്റഗറി സ്കൂളുകൾ, ഡിസ്അഡ്വാന്റേജ്ഡ് വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥി എന്നിവ ഏതൊക്കെയാണെന്ന് നിർവ്വചിച്ചുകൊണ്ടും

വിദ്യാഭ്യാസ അവകാശ നിയമമനുസരിച്ച് എട്ടാം ക്ലാസ്സ് വരെയുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും ക്ലാസ് കയറ്റം നൽകുന്നതിനും ഉത്തരവായിട്ടുണ്ട്. എട്ടാം ക്ലാസ് വരെയുള്ള പെൺകുട്ടികൾക്കും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കും ഈ വർഷം മുതൽ സൗജന്യമായി യൂണിഫോം വിതരണം ചെയ്യുന്നതിനായി 37 കോടി രൂപ എസ്.എസ്.എ. മുഖേന ലഭിച്ചിട്ടുണ്ട്. രക്ഷാകർതൃ ബോധവത്കരണ പരിപാടികളും ജനപ്രതിനിധികൾക്കായി കമ്മ്യൂണിറ്റി ട്രെയിനിംഗ് പ്രോഗ്രാമും സർവ്വ ശിക്ഷാ അഭിയാൻ മുഖേന നടത്തുകയും 'വിദ്യാഭ്യാസം നമ്മുടെ അവകാശം' എന്ന ആശയം പ്രചരിപ്പിക്കാനുള്ള പദ്ധതികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സ്കൂൾ മാപ്പിംഗിനെ അടിസ്ഥാനമാക്കി അയൽപക്ക സ്കൂൾതല ക്ലസ്റ്ററുകൾ രൂപീകരിച്ച് മാതൃസ്കൂൾ ഫീഡർ സ്കൂൾ പദ്ധതി നടപ്പിലാക്കാനുള്ള നിർദ്ദേശങ്ങൾ മന്ത്രിസഭയുടെ പരിഗണനയിലാണ്. എൽ.പി. വിഭാഗം കുട്ടികൾക്ക് 1 കിലോമീറ്ററിനുള്ളിലും യു.പി. വിഭാഗം കുട്ടികൾക്ക് 3 കിലോമീറ്ററിനുള്ളിലും സ്കൂളുകളുണ്ടായിരിക്കണമെന്നാണ് വിദ്യാഭ്യാസ അവകാശം നിയമം നിഷ്കർഷിക്കുന്നത്. സർക്കാർ/എയ്ഡഡ് സ്കൂളുകളില്ലാത്തതിനാൽ അൺഎയ്ഡഡ് സ്കൂളിൽ പോകാൻ നിർബന്ധിതരാകുന്ന 25 ശതമാനം പാവപ്പെട്ട കുട്ടികൾക്കുള്ള ഫീസ് ഗവൺമെന്റ് കൊടുക്കുന്നതാണ്. സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി എം.എൽ.എ.മാരുടെ നേതൃത്വത്തിൽ ഓരോ മണ്ഡലത്തിന്റെയും പ്രത്യേകതകൾക്കനുസരിച്ചുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് പൊതുവിദ്യാലയങ്ങളെ മാതൃകാ സ്ഥാപനങ്ങളാക്കി മാറ്റുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. അദ്ധ്യാപക പാക്കേജുമായി ബന്ധ

പ്പെട്ട് പുറത്തുപോകേണ്ടിവന്ന അദ്ധ്യാപകരെ ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരായി നിയമിച്ചിട്ടുണ്ടെന്നും നിയമനാംഗീകാരവും ശമ്പളവും ലഭിക്കാതെ ദീർഘകാലമായി ജോലി ചെയ്തിരുന്ന അദ്ധ്യാപകരുടെ നിയമനം അംഗീകരിച്ച് ശമ്പളം നൽകിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. 'ആശ്വാസ് പദ്ധതി' പ്രകാരം കുട്ടികൾക്ക് കലാകായിക തൊഴിൽ പരിശീലനം നൽകുന്നതിനെ സംബന്ധിച്ച് ആലോചിച്ചുവരികയാണ്. കുട്ടികൾക്ക് പോഷകാഹാരം നൽകുന്നതിനുവേണ്ടി ഒരു കുട്ടിക്ക് 5 രൂപ എന്ന നിരക്കിൽ തുക നിശ്ചയിച്ച് പി.ടി.എ.യ്ക്ക് കൈമാറുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റശേഷം 12 സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകാൻ തീരുമാനിച്ചിട്ടുണ്ടെന്നും വിദ്യാഭ്യാസ അവകാശ നിയമം നടപ്പിൽ വരുമ്പോൾ അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് പ്രവർത്തിക്കാൻ കഴിയുകയില്ലെന്നും സി.ബി.എസ്.ഇ. സ്കൂളുകൾക്ക് ഏർപ്പെടുത്തിയ മാനദണ്ഡങ്ങൾ അൺഎയ്ഡഡ് സ്കൂളുകൾക്കും ബാധകമാക്കുന്നതാണെന്നും 1 മുതൽ 4 വരെയുള്ള സ്കൂളുകളിൽ നൂറിന് താഴെ കുട്ടികളുള്ള സ്കൂളുകളും യു.പി. വിഭാഗത്തിൽ 75-ന് താഴെ കുട്ടികളുള്ള സ്കൂളുകളെയുമാണ് അനാദായകരമെന്ന് കണക്കാക്കുന്നതെന്നും അത്തരത്തിലുള്ള 4614 സ്കൂളുകളുണ്ടെന്നും കുട്ടികളുടെ എണ്ണക്കുറവുള്ള സ്കൂളുകൾ നിർത്തലാക്കുന്ന കാര്യം പരിഗണനയിലില്ലെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

26 (*242) <u>ഹോട്ടലുകളിലെ വിലവിവര പട്ടിക</u>

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) നൽകിയ മറുപ

ടിയിൽ, 1977-ലെ കേരള ഫുഡ് സ്റ്റഫ്സ് (ഡിസ്പ്ലേ ഓഫ് പ്രൈസസ് ബൈ കാറ്ററിംഗ് എസ്റ്റാബ്ലിഷ്മെന്റ്) ഉത്തരവ് പ്രകാരം വിൽപ്പന നടത്തുന്ന ഭക്ഷണ സാധനങ്ങളുടെ വിലവിവര പട്ടിക വ്യക്തമായി കാണത്തക്കവിധം പ്രദർശിപ്പിക്കേണ്ടതാണെന്നും ഹോട്ടലുകളിൽ വിലവിവര പട്ടിക പ്രദർശിപ്പിക്കൽ നിർബന്ധമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. സിവിൽ സപ്ലൈസ് വകുപ്പിലെ പരിശോധനാ ഉദ്യോഗസ്ഥർ മാത്രമായും പോലീസ്/ആരോഗ്യം/റവന്യൂ/ലീഗൽ മെട്രോളജി/നികുതി വകുപ്പുകളുമായി ചേർന്നും ഹോട്ടലുകളിൽ പരിശോധന നടത്തി നിയമലംഘനങ്ങൾക്കെതിരെ അവശ്യസാധന നിയമപ്രകാരം നടപടി സ്വീകരിക്കുന്നുണ്ട്. നിയമനിർമ്മാണത്തിലൂടെ ഹോട്ടലുകൾ ക്ലാസിഫൈ ചെയ്ത് ഭക്ഷണപദാർത്ഥങ്ങളുടെ വില ഏകീകരിക്കുന്നതാണ്. റെയ്ഡിൽ പിടിക്കപ്പെടുന്ന ഹോട്ടലുകളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കണമെന്ന ഹൈക്കോടതിയുടെ നിർദ്ദേശം നടപ്പാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. എല്ലാ താലൂക്കുകളിലും മാവേലി ഹോട്ടലുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും താല്പര്യമുള്ള സംഘടനകൾക്കും വ്യക്തികൾക്കും മാവേലി ഹോട്ടലുകൾ തുടങ്ങാൻ അനുമതി നൽകുന്നതാണെന്നും ഭക്ഷണപദാർത്ഥങ്ങളിൽ മായം കലർത്തുന്നതിനെതിരെ നടപടി സ്വീകരിക്കുന്നതാണെന്നും മന്ത്രി അറിയിച്ചു. സർക്കാർ, വിപണിയിൽ ഇടപെട്ടതിന്റെ ഫലമായി നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സാധിച്ചിട്ടുണ്ടെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി ഹോട്ടലുകളിലെ പരിശോധന ശക്തമാക്കുന്നതിനും ഗുണനിലവാരമുള്ള ഭക്ഷണപദാർത്ഥങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കുമെന്ന് ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണെന്നും

ഇതിനായി നിയമനിർമ്മാണം നടത്തുന്ന കാര്യം സജീവ പരിഗണനയിലാണെന്നും ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മുഖ്യമന്ത്രി അറിയിച്ചു.

27 (*243) മാവേലി സ്റ്റോറുകൾ തുടങ്ങുന്നതിനുള്ള മാനദണ്ഡങ്ങൾ

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സാദ്ധ്യതാ പഠനത്തിന്റേയും ജീവനക്കാരുടെ ലഭ്യത അനുസരിച്ചും സപ്ലൈകോയുടെ വിൽപ്പനശാലകൾ നിലവിലില്ലാത്ത പഞ്ചായത്തുകൾക്ക് മുൻഗണന നൽകി പുതിയ മാവേലി സ്റ്റോറുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിട്ടില്ലെന്നും സഭയെ അറിയിച്ചു. പൊതുവിപണിയെക്കാൾ 50% വിലക്കുറവിലാണ് മാവേലി സ്റ്റോറുകൾവഴി നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നതെന്നും കൃത്രിമക്ഷാമം സൃഷ്ടിക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നടപടിയെടുക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

28 (*244) വസ്തു പോക്കുവരവിന് ആധുനിക വിവര സാങ്കേതികവിദ്യ

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) നൽകിയ മറുപടിയിൽ, വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും കുറ്റമറ്റ രീതിയിലും പൂർത്തിയാക്കുന്നതിന് റവന്യൂ, സർവ്വെ, രജിസ്ട്രേഷൻ വകുപ്പുകളുടെ പ്രവർത്തനം ആധുനിക വിവര സാങ്കേതികവിദ്യയിലൂടെ ഏകോപിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. സബ് ഡിവിഷൻ പോക്കുവരവ് നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനായി ആധാരത്തോടൊപ്പം സ്കെച്ചുകൾ നിർബന്ധമാക്കുന്നതിന് ടോറൻസ് സമ്പ്രദായം നടപ്പാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ലാന്റ് റെക്കോർഡ്സ് മോഡണൈസേഷൻ

പ്രോഗ്രാമിൽ (എൻ.എൽ.ആർ.എം.പി.)പെടുത്തി റവന്യൂ, സർവ്വെ, രജിസ്ട്രേഷൻ വകുപ്പുകളെ ഇന്റർനെറ്റ് മുഖേന ബന്ധിപ്പിച്ച് ഭൂമിയിന്മേലുള്ള അവകാശം സാക്ഷ്യപ്പെടുത്തുന്നതിനും ഓൺലൈൻ പോക്കുവരവ് സാദ്ധ്യമാക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഒരു വ്യക്തിയുടെ പൂർണ്ണ ഉടമസ്ഥതയിലുള്ള ഭൂമി മാത്രമേ കൈമാറ്റം ചെയ്യുന്നുള്ളൂവെന്ന് ഉറപ്പുവരുത്തുന്നതിനായി റവന്യു/രജിസ്ട്രേഷൻ വകുപ്പുകൾക്കായി ഒരു കോമൺ ലാന്റ് ഡാറ്റാ ബേസ് (CLDB) തയ്യാറാക്കുന്നതിന് ReLIS (Revenue Land Information System) പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്നും ഓൺലൈൻ സംവിധാനത്തിലൂടെ ഓട്ടോമാറ്റിക് പോക്കുവരവ് സാദ്ധ്യമാക്കുന്നതിനും ഭൂരേഖ ലഭ്യമാക്കുന്നതിനുമായി തയ്യാറാക്കിയ പ്രസ്തുത പദ്ധതി 573 റവന്യൂ വില്ലേജുകളിൽ എസ്.ആർ.ഒ.കളെ കോർത്തിണക്കി നടപ്പിലാക്കുമെന്ന് ഗവർണ്ണറുടെ നയപ്രഖ്യാപനത്തിലൂടെ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. വ്യാജ ആധാരങ്ങളുടെ രജിസ്ട്രേഷൻ തടയുന്നതിന് ആധാരത്തോടൊപ്പം ഭൂരേഖ (Record of Rights) നിർബന്ധമാക്കുന്നതിനായി 1958-ലെ രജിസ്ട്രേഷൻ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടികളെടുത്തുവരുന്നു. 767 വില്ലേജുകളിൽ റീ-സർവ്വെ പൂർത്തീകരിച്ചിട്ടുണ്ടെന്നും അപാകതമൂലം പോക്കുവരവ് സാദ്ധ്യമാകാത്ത കേസ്സുകൾ വേർതിരിച്ച് സമയബന്ധിതമായി പരിഹരിക്കുന്നതിനുള്ള പദ്ധതി സർവ്വേയും ഭൂരേഖയും വകുപ്പ് തയ്യാറാക്കിവരുന്നുണ്ടെന്നും പരാതികൾ പരിഹരിക്കുന്നതിന് അദാലത്ത് സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി 245 മുതൽ 270 വരെയുള്ള ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2529 മുതൽ 2837 വരെയുള്ള ചോദ്യങ്ങളിൽ 107 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)